കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/18/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി : 06.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ മുഖേന)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/18/2019 തീയ്യതി: 06.02.2019

# കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

# വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് 1-6-2017 മുതൽ 12-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവുമുണ്ടായിരിക്കുന്നതല്ല.

### എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ. എം. പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 10-12-2018 മുതൽ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ.) |

| | | |
|---|---|---|
| 27-12-2018 വരെ | ശ്രീ. രമേശൻ കരോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ശ്രീജ. കെ. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. രമ്യ. എ. കെ. | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. മധുമോഹൻ. കെ. | 1-4-2017 മുതൽ 5-6-2017 വരെ |
| | ശ്രീ. മാത്യു. കെ. എം. | 6-6-2017 മുതൽ 31-3-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഭാസ്കരൻ. കെ. | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജയരാജ്. പി. | 1-4-2017 മുതൽ 19-4-2017 വരെ |
| | ശ്രീമതി. ശ്രീജ. യു. | 20-4-2017 മുതൽ 8-10-2017 വരെ |
| | ശ്രീ. സന്തോഷ്. പി. | 9-10-2017 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ലീന. എ. കെ. | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. (എരഞ്ഞോളി) | ശ്രീ. ബിപിൻ ചന്ദ്ര. വി.ബി. | 1-4-2017 മുതൽ 11-10-2017 വരെ |
| | ശ്രീമതി. ബിഷ. ടി. പി | 12-10-2017 മുതൽ 20-10-2017വരെ |
| | ശ്രീമതി. സുമിത. വി. | 21-10-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. (വടക്കുമ്പാട്) | ശ്രീമതി. ബിഷ. ടി. പി | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ഫഹദ് നിജിൽ. | 1-4-2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ GAD | ഡോ. ഷിനി. കെ. കെ. | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ദീപ. എ. | 1-4-2017 മുതൽ 31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. രജനി. പി. വി. | 1-4-2017 മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. രമേശൻ. കെ. | 1-4-2017 മുതൽ 1-6-2017 വരെ |
| | ശ്രീ. സുരേഷ് പരയത്താങ്കണ്ടി | 2-6-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല | 2-1 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 18 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 2-3 |
| 19 | കെട്ടിട നമ്പർ, കെട്ടിടത്തിന്റെ ഉപയോഗക്രമം എന്നിവ ഉറപ്പുവരുത്താതെ ലൈസൻസ് അനുവദിച്ചു | 2-4 |
| 20 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല | 2-5 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | ശമ്പള പരിഷ്കരണക്കുടിശ്ശിക കണക്കാക്കിയതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 3-1 |
| 22 | മഴക്കാല പൂർവ്വ ശുചീകരണം - സമയബന്ധിതമായി നടപ്പിലാക്കിയില്ല ചെലവ് തുക ₹160000തടസ്സപ്പെടുത്തുന്നു. | 3-2 |
| 23 | ഗ്രാമപഞ്ചായത്ത് വാഹന ഇൻഷ്വറൻസ് -കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ് | 3-3 |
| 24 | മരുന്ന് വാങ്ങൽ - തുക മുൻകൂർ നൽകി നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല | 3-4 |

| | | |
|---|---|---|
| 25 | വനിതകൾക്ക് പശു വളർത്തൽ പദ്ധതി- അർഹതാമാനദണ്ഡം പാലിക്കാതെ സബ്സിഡി അനുവദിച്ചു-₹50000 തടസ്സപ്പെടുത്തുന്നു. | 3-5 |
| 26 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല | 3-6 |
| 27 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് - പത്രപരസ്യം ഡിസ്കൗണ്ട് ലഭിച്ചില്ല | 3-7 |
| 28 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ദൈനം ദിന നടത്തിപ്പ് അപാകങ്ങൾ ചെലവ് തുക ₹1,59,783 തടസ്സപ്പെടുത്തുന്നു. | 3-8 |
| 29 | പ്ലാസ്റ്റിക് ശേഖരണ യൂണിറ്റിൽ ഫ്രഡിംഗ് മെഷീനും ബെയലിംഗ് മെഷീനും സ്ഥാപിക്കൽ - ഇൻസ്റ്റലേഷൻ റിപ്പോർട്ട്, യൂണിറ്റുകൾ പ്രവർത്തന ക്ഷമമാണെന്നുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല | 3-9 |
| 30 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ (മേശയും കസേരയും) - അനർഹർക്ക് ആനുകൂല്യം നൽകി -₹4976 നിരാകരിക്കുകയും ₹9952 തടസ്സപ്പെടുത്തുകയും ചെയ്യുന്നു | 3-10 |
| 31 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ- ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-11 |
| 32 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ₹1,92,630 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-12 |
| 33 | തെരുവ് വിളക്ക് സ്ഥാപിക്കൽ (എൽ. ഇ. ഡി ) - | 3-13 |

| | | |
|---|---|---|
| | കെ.എസ്.സി.ബിയുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല | |
| 34 | GST ഈടാക്കിയില്ല ₹8,569 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-14 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 46 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 47 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 48 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 24-3-2017 ലെ 41(2)/17 -)ാനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 20-3-2018 ലെ 51/18 -)ാനമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവിരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ |
|---|---|---|
| മുന്നിരിപ്പ് | 15550373.28 | 16128864.28 |
| വരവ് | 102132000 | 104921113 |
| ആകെ | 117682373.28 | 121049977.28 |
| ചെലവ് | 110007000 | 110621579 |
| നീക്കിയിരിപ്പ് | 7675373.28 | 10428398.28 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2017-18 | 31-7-2018 | 14-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2017-18 | 20-6-2018 മുതൽ 21-6-2018 വരെ | കെ.എസ്എ/കെ.എൻ.ആർ/ സി.7/ 1211/2018. തീയ്യതി : 31-7-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 18413974.28 |
| വരവ് | 46918537 |
| ആകെ | 65332511.28 |

| | |
|---|---|
| ചെലവ് | 60086320 |
| നീക്കിയിരിപ്പ് | 5246191.28 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 11189000 | 11189000 | 11145714 | 43286 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 698573 | 698573 | 633095 | 65478 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 17992 | 17992 | 0 | 17992 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 5748000 | 5748000 | 5062796 | 685204 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 2587000 | 2587000 | 2415382 | 171618 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 5176736 | 5176736 | 5152929 | 23807 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2662393 | 2662393 | 2586663 | 75730 |
| ദുരിതാശ്വാസനിധി | | 38761 | 1557 | 40318 | 0 | 40318 |
| എം.ജി.എൻ.ആർ. | തൊഴിലാളികളുടെ കൂലി | - | 4905266 | 4905266 | 4905266 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2053 | 505880 | 507933 | 506479 | 1454 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1.അനുപൂരക പോഷകാഹാരം | | 237405 | 716694 | 954099 | 432429 | 521670 |
| 2. എം.പി. ഫണ്ട് | | 63762 | 141460 | 205222 | 137837 | 67385 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 6033 | 181791 | 187824 | 187824 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 36000 | 1168875 | 1204875 | 392375 | 812500 |
| | ജില്ലാ പഞ്ചായത്ത് | - | 966875 | 966875 | 466875 | 500000 |
| ബി ഫണ്ട് | | - | 48247300 | 48247300 | 48247300 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4198013 | 7112255 | 11310268 | 4805193 | 6505075 |
| | ട്രഷറി അക്കൗണ്ട് | 13778946 | 9219937 | 22998883 | 24288644 | -1289761 |

ജനറൽ പർപ്പസ് ഗ്രാന്റ് തുകയിലെ ചെലവ് പ്രത്യേകം സൂക്ഷിക്കുന്നില്ല. ജനറൽ പർപ്പസ് ഗ്രാന്റിന്റെ വിവരം തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ ഉൾപ്പെടുന്നുണ്ട്.

## **1-6** <u>പദ്ധതി അവലോകനം.</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 154 | 53203627 | 128 | 36947319 | 30 | 26 | 63.64 |

| ക്രമ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | ആകെ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|

| നമ്പർ | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | അടങ്കൽ | തുക | % |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 23 | 18 | 4425732 | 3402252 | 76.87 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 2029958 | 1379770 | 67.97 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 50 | 31351220 | 18350370 | 58.53 |
| 4 | കൃഷി ഓഫീസർ | 12 | 12 | 3420525 | 3420525 | 100 |
| 5 | വി.ഇ.ഒ. എരഞ്ഞോളി | 9 | 9 | 1296800 | 847090 | 65.32 |
| 6 | വി.ഇ.ഒ വടക്കുമ്പാട് | 9 | 9 | 3305432 | 2438218 | 73.76 |
| 7 | മെഡിക്കൽ ഓഫീസർ PHC | 5 | 5 | 990000 | 964626 | 97.45 |
| 8 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 856000 | 855200 | 99.91 |
| 9 | വെറ്റിനറി സർജൻ | 8 | 8 | 1062940 | 1061840 | 99.9 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 4090000 | 3852408 | 94.19 |
| 11 | ഹെഡ് മാസ്റ്റർ | 2 | 2 | 375020 | 375020 | 100 |
| | ആകെ | 154 | 128 | 53203627 | 36947319 | 69.45 |

ഗ്രാമസഭ

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 16വാർഡുകളിലും 3 തവണ വീതം ഗ്രാമസഭായോഗങ്ങൾ ചേർന്നിട്ടുണ്ട്. കരട് പദ്ധതി രേഖ അംഗീകരിക്കൽ, വാർഷിക പദ്ധതി കരട് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ വാർഷിക പദ്ധതി രൂപീകരണം എന്നിവയാണ് ഗ്രാമസഭയിലെ പ്രധാന ചർച്ചാവിഷയങ്ങളായിട്ടുള്ളത്. കൂടാതെ തൊഴിലുറപ്പ് പദ്ധതികൾ, ക്ഷേമപെൻഷനുകൾ, മഴക്കാല രോഗ പ്രതിരോധം, നിയമബോധവത്കരണം, പ്ലാസ്റ്റിക് നിരോധനം എന്നീ വിഷയങ്ങൾ സംബന്ധിച്ചും ഗ്രാമസഭയിൽ ചർച്ചചെയ്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും മറ്റ് ഓഡിറ്റ്

റിപ്പോർട്ടുകളൊന്നും ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ഗ്രാമസഭയോഗങ്ങളിൽ ക്വാറം തികയാനുള്ള ജനപങ്കാളിത്തം മാത്രമാണുള്ളത്. സമൂഹത്തിലെ അർഹരായവർക്ക് സർക്കാർ ധനസഹായം ലഭ്യമാക്കുകയും ജനങ്ങൾ നിർദ്ദേശിക്കുന്ന മേഖലകളിൽ പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് വികസനം സാധ്യമാക്കുക എന്ന ലക്ഷ്യമാണ് ഗ്രാമസഭകൾക്ക് നിർവ്വഹിക്കാനുള്ളത്. ആയതിനാൽ ഭരണനിർവ്വഹണത്തിന്റെ അടിത്തറയായ ഗ്രാമസഭയിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ആസൂത്രണസമിതി

09-01-2017 ലെ സ.ഉ.(എം.എസ്) 10/2017 ത.സ്വ.ഭ.വ. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ 17-01-2017 ലെ 10/2017 തീരുമാന പ്രകാരം 20അംഗ ആസൂത്രണസമിതി രൂപീകരിച്ചിട്ടുണ്ട്. 2017-`18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് 9 യോഗങ്ങൾ ചേരുകയും പദ്ധതി രൂപീകരണത്തിനും നിർവഹണത്തിലും ഭരണസമിതിക്ക് ആവശ്യമായ ശുപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

09-01-2017ലെ സ.ഉ.(എം.എസ് ) 10/2017 ത.സ്വ.ഭ.വ പ്രകാരം പഞ്ചായത്ത് ഭരണ സമിതിയുടെ 17-01-2017 ലെ 10/2017 തീരുമാന പ്രകാരം 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ 12വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. പൊതുമരാമത്തിനും ഊർജ്ജം, വൈദ്യുതി എന്നിവയ്ക്കും പ്രത്യേകം പ്രത്യേകം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും രണ്ടിനും കൂടി പൊതുവായ യോഗങ്ങളാണ് ചേർന്നുവരുന്നത്. മുക്തി എന്ന പേരിൽ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് മിനുട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവു പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളിൽ 10 മുതൽ 15 വരെ അംഗങ്ങളാകാവുന്നതാണ് എന്നാൽ പല ഗ്രൂപ്പുകളിലും 15 ൽ കൂടുതൽ അംഗങ്ങളെ ഭരണസമിതി അംഗീകരിച്ചതായി കാണുന്നു. കൂടാതെ വർക്കിംഗ് ഗ്രൂപ്പിന്റെ ക്വാറം മൂന്നിൽ ഒന്നാണ്. എന്നാൽ പല ഗ്രൂപ്പ് യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടില്ല (പൊതുഭരണം ധനകാര്യം 02-05-2017 ൽ 3 പേരും 18-05-17 ൽ 2 പേരുമാണ് പങ്കെടുത്തത്. ആകെ അംഗ സംഖ്യ 13ആണ്). 2017-18 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മിക്കവാറും വർക്കിംഗ് ഗ്രൂപ്പുകൾ 2017 ഫിബ്രവരി മാസം യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മിക്ക കമ്മിറ്റികളിലും പങ്കെടുത്തവർ ഭരണസമിതി അംഗീകരിച്ചവരല്ല . ഉദാ; ദാരിദ്ര്യ ലഘൂകരണം 2017-18 ൽ നടന്ന എല്ലാ യോഗങ്ങളിലും ഭരണസമിതി അംഗീകരിക്കാത്തവർ പങ്കെടുത്തിട്ടുണ്ട്. ഓരോ വാർഷിക പദ്ധതികൾ രൂപീകരിക്കുമ്പോഴും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവിറക്കാറുണ്ട് അതുപ്രകാരം രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ അതാത് വർഷത്തെ പദ്ധതി രൂപീകരണവും മോണിറ്ററിംഗും നടത്തുന്നുവെന്ന് ആസൂത്രണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും അതത് വിഷയ മേഖലകളിൽ പഞ്ചായത്തിനെ ബാധിക്കുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് അഭിപ്രായ രൂപീകരണം നടത്തി പ്രോജക്ട് നിർദ്ദേശങ്ങൾ മുൻഗണന നിശ്ചയിച്ച് ഗ്രാമപഞ്ചായത്തിന്റെ

പരിഗണനക്ക് നൽകുകയും പദ്ധതി അംഗീകരിച്ചതിനു ശേഷം മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുകയും ചെയ്യുക എന്ന സുപ്രധാന ചുമതലയാണ് ആസൂത്രണ പ്രക്രിയയിൽ നിർവ്വഹിക്കേണ്ടത്. എന്നാൽ അർഹിക്കുന്ന ഗൗരവത്തോടെ ഈ പ്രക്രിയ നിർവ്വഹിക്കപ്പെടുന്നതായി മിനുട്സ് പരിശോധനയിൽ കാണുന്നില്ല. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപീകരണ ഘട്ടത്തിൽ യോഗം ചേർന്ന് പദ്ധതി രൂപീകരണം നടത്തുകയും അതിന്റെ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട് എന്നല്ലാതെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് യോഗങ്ങളൊന്നും ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ പ്രോജക്ടുകളുടെയും കൂടെ ഫോർമാറ്റ് റിപ്പോർട്ട് ഒപ്പിട്ടുവെക്കുക മാത്രമാണ് ചെയ്യുന്നത്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടൽ കുറെ കൂടി കാര്യക്ഷമമാകേണ്ടതുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2053 | 505880 | 507933 | 506479 | 1454 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4905266 | 4905266 | 4905266 | 0 |
| ആകെ | 2053 | 5411146 | 5413199 | 5411745 | 1454 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 10800 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 2116100 | 171 |
| വിധവാ പെൻഷൻ | 11799800 | 998 |
| വാർദ്ധക്യകാല പെൻഷൻ | 26450300 | 2014 |
| വികലാംഗ പെൻഷൻ | 2858900 | 243 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4531400 | 382 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-12-2018 ന് 11.45 a.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹17,312 യുടെ ക്യാഷ് ബാലൻസിന്റെ

കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായിട്ടുള്ള ജീവനക്കാരുടെ യോഗം ഓഡിറ്റ് കാലയളവിൽ ആറു തവണ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു ജോലി വിഭജനം നൽകുകയും, കുടിശ്ശിക നികുതി പിരിച്ചെടുക്കുവാനും അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ്പ് മെമ്മോ നൽകുവാനും, പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുവാനും ജീവനക്കാർക്ക് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും, ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേഴ്സണൽ രജിസ്റ്റർ ഉത്തരവാദപ്പെടുത്തിയ ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇൻകുംബെൻസി മാസ്റ്റർ രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ യോഗങ്ങൾ ചേരുകയും പദ്ധതി നിർവ്വഹണത്തിലെ പ്രായോഗിക തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ,വസ്തുനികുതി ഡിമാന്റ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ ,ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളും തുടർ നടപടികളും അവലോകനം ചെയ്യുന്നതിനായി നിശ്ചിത പെർഫോമയിൽ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതായോ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വെച്ച് ചർച്ച ചെയ്തതായോ കാണുന്നില്ല. തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-2-2008 മുതൽ 16-2-2008 വരെ | 1997-98 മുതൽ 2006-07 വരെ | 10-4-2008 |
| പെർഫോമൻസ് ഓഡിറ്റ് | 12-11-2018 | 1-10-2018 മുതൽ 31-10-2018 വരെ | 12-11-2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ താഴെപ്പറയും പ്രകാരം അപാകങ്ങളുണ്ട്.

1.അക്കൗണ്ട്നമ്പർ 2494(വടക്കുമ്പാട് സർവീസ് സഹകരണ ബാങ്ക്) ലെവാർഷിക

കണക്കുകൾ പ്രകാരമുള്ള വർഷാന്ത്യ നീക്കിയിരിപ്പ് 6505075 രൂപയാണ്. പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 6191490 രൂപയാണ്. വ്യത്യാസ കാരണമായി രേഖപ്പെടുത്തിയ 35235 രൂപ, 422156 രൂപ എന്നിവ ഏത് തുകകളാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

2.മാസാന്ത്യ, വർഷാന്ത്യ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.ആസ്തിറജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

4.വാർഷികകണക്കുകൾക്കൊപ്പം Notes on Accounts സമർപ്പിച്ചിട്ടില്ല.
5.വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം തൻവർഷം 4,80,000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 3,00,000 രൂപ മാത്രമേ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

6.അവിവാഹിതാ പെൻഷൻ തൻവർഷം 45,31,400 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും, വാർഷികണക്കുകളിൽ 33,17,900 രൂപ മാത്രമേ, രേഖപ്പെടുത്തിയിട്ടുള്ളൂ.

7.വസ്തുനികുതി മുൻവർഷ കുടിശ്ശിക തുകയായ 2,17,406 രൂപയിൽ നിന്നും, കലക്ഷൻ തുകയായ 1,82,249 രൂപ കഴിഞ്ഞ തുക (35,157) ബാലൻസ് ഷീറ്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

8.I-18 ഷെഡ്യൂളിൽ 9,38,045 രൂപ വസ്തുനികുതി ഇനത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് ആധാരമായ Notes on Accounts ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ-നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല

2013-14, 2014-15 കാലയളവിൽ ഗ്രാമപഞ്ചായത്തിൽ, കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിന് അനുമതി ലഭിക്കുന്നതിനായി 21 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 5കെട്ടിടങ്ങൾ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 16 കെട്ടിടങ്ങളുടെ കാര്യത്തിൽ ഓഡിറ്റ് തീയ്യതി വരേയും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും, അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നും ഉറപ്പുവരുത്തുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 2-2 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ വികസനരേഖ, 2017-18 കാലയളവിലെ ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള കിൻഫ്ര പാർക്കിൽ താഴെപറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

1. ഫുഡ്സൂൺ ഫർണിച്ചർ

2. ഹെക്സ്സ വൈറ്റ് ഫീൽഡ് ഇൻ കേർപ്രയിറ്റ്

3. അംബാഡി എന്റർപ്രൈസസ്

4. പാർക്കോ

5. നോവന്ററി ഫർണിച്ചർ

6. ക്ലാസിക് ടിമ്പർ ക്രാഫ്റ്റ്

7. ടെലിച്ചറി ഫുഡ്പ്രൊഡക്ട്സ്

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ തൊഴിലുടമകൾക്കും ഇപ്രകാരം നോട്ടീസ് നൽകേണ്ടതും ജീവക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തൊഴിൽ നികുതി മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്)വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല എന്ന് പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ്, എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ എന്നിവ ഒത്തുനോക്കിയതിൽ കാണുന്നു. ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 319 സ്ഥാപനങ്ങനളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റിൽ 288 സ്ഥാപനങ്ങനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ആവശ്യമായ ഫീൽഡ് പരിശോധന നടത്താതെയാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ട്രേഡേഴ്സ് ലിസ്റ്റ്

അപൂർണ്ണമായതിനാൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 2-4 കെട്ടിട നമ്പർ, കെട്ടിടത്തിന്റെ ഉപയോഗക്രമം എന്നിവ ഉറപ്പുവരുത്താതെ ലൈസൻസ് അനുവദിച്ചു

2017-18കാലയളവിലെ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ വാണിജ്യാവശ്യങ്ങൾക്കായി ഡി & ഒ ലൈസൻസ് നൽകിയ താഴെപറയുന്ന കെട്ടിടങ്ങളിലെ ക്രമ നമ്പർ 1പ്രകാരമുള്ളതിന്റെ വസ്തു നികുതി ഒഴിവാക്കിയതായും ക്രമ നമ്പർ 2 മുതൽ 5 വരെയുള്ളവ പാർപ്പിടാവശ്യത്തിനെന്ന തരത്തിലും ക്രമ നമ്പർ 6വിദ്യാഭ്യാസ ആവശ്യത്തിനെന്ന തരത്തിലുമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | വാണിജ്യം നടത്തുന്നവരുടെ പേര് | സംരംഭം |
|---|---|---|---|
| 1 | 10/227 | സി പി ബാലകൃഷ്ണൻ | വർക്ക് ഷോപ്പ് |
| 2 | 9/149 | പ്രതീശൻ സി | മോട്ടോർ വാഹനം റിപ്പയർ |
| 3 | 15/25 | കണ്ട്യൻ സുധാകരൻ | സ്റ്റീൽ ഫർണിച്ചർ ലോക്ക് നിർമ്മാണം |
| 4 | 15/61 | കെ കെ അബ്ദുറഹിമാൻ | സ്റ്റേഷരി |
| 5 | 14/1 | രതീശൻ സി | അനാദികച്ചവടം |
| 6 | 5/13 | രമേശൻ കെ | സ്റ്റേഷനറി |

മേൽ അപാകം സംബന്ധിച്ച് 18-12-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 2 അസ്സസ്സ്മെന്റ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയത് അതേ രീതിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി ചെയ്തതാണെന്നും മറ്റുള്ളവ ലൈസൻസ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി പരിശോധിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് പ്രസ്തുത ആവശ്യത്തിനെന്ന തരത്തിൽ നികുതി പുനർനിർണ്ണയം നടത്തേണ്ടതും യഥാർത്ഥത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് തന്നെയാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-5 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത്

എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ₹56,176 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ<br>പേര് | ടെണ്ടർ ഫീ ₹ |
|---|---|---|
| 1 | 9/18<br>മൂർക്കോത്ത് സ്തൂപം പുതിയകാവ് റോഡിൽ ടാറിംഗും സെക്കന്റ് ലയറും ടാറിംഗ് | 2400 |
| 2 | 12/18<br>പമ്പ് ഹൗസ് റോഡിൽ സെക്കന്റ് ലയറും ടാറിംഗ് | 1100 |
| 3 | 14/18<br>കുലോത്തുംകണ്ടി റോഡ് ടാറിംഗ് | 2600 |
| 4 | 15/18<br>പുതിയെട്ടിൽ കുളം കുന്നത് സ്കൂൾ റോഡ് ടാറിംഗ് | 2000 |
| 5 | 17/18<br>വടക്കുമ്പാട് പോസ്റ്റോഫീസ് എസ്. സി. കോളനി പുഞ്ഞോളി കടവ് റോഡ് റീ ടാറിംഗ് | 6900 |
| 6 | 19/18<br>അഞ്ചരക്കണ്ടി ഹൗസ് - ചിത്ര ഹൗസ് റോഡ് ടാറിംഗ് | 2000 |
| 7 | 20/18<br>മുള്ളൂർ വത്സൻ ചാലിൽ ക്ഷേത്രം റോഡ് ടാറിംഗ് | 1700 |

| | | |
|---|---|---|
| 8 | 23/18<br>കോറോത്ത് മിഡിൽ പുത്തൻപുര റോഡ് ടാറിംഗ് | 3600 |
| 9 | 24/18<br>ദാസ് ക്വാർട്ടേർസ് കോട്ടത്ത് പറമ്പ് റോഡ് ടാറിംഗ് | 4800 |
| 10 | 25/18<br>കുറ്റിക്കാട്ടിൽ മഠത്തിൽ റോഡ് ടാറിംഗ് | 6000 |
| 11 | 27/18<br>കുടക്കളം സ്കൂൾ ചക്കാല മുക്ക് റോഡിൽ സെക്കന്റ് ലയറും ടാറിംഗ് | 3200 |
| 12 | 28/18<br>ചുങ്കം ഓവുപാലം എരഞ്ഞോളി ഈസ്റ്റ് എൽ. പി. റോഡ് ടാറിംഗ് | 4256 |
| 13 | 29/18<br>എകരത്ത് പീടിക ഫിഷറീസ് റോഡ് പുനരുദ്ധാരണം | 2360 |
| 14 | 52/18<br>താറ്റിയോട്ട് നെടുങ്ങോട്ട് കാവ് റോഡിൽ ഡ്രയിനേജും റീ ടാറിംഗും | 1440 |
| 15 | 132/18<br>വങ്ങണച്ചാൽ പി.സി. ഗുരുവിലാസം റോഡ് ടാറിംഗ് | 4120 |
| 16 | 135/18<br>കൃഷിഭവൻ, വെറ്റിനറി ആശുപത്രി, ഹോമിയോ ആശുപത്രി കെട്ടിടം പുനരുദ്ധാരണം | 3200 |
| 17 | 165/18<br>പ്ലാസ്റ്റിക്ക് ശേഖരണ കേന്ദ്രത്തിൽ ശുചിമുറിയും അനുബന്ധ | 1900 |

| | | |
|---|---|---|
| | സൗകര്യങ്ങളും | |
| 18 | 166/18<br>കൗമാരക്കാരായ പെൺകുട്ടികൾക്കും യുവതികൾക്കുമുള്ള കൗൺസിലിംഗ് സെന്ററിനും ജാഗ്രതാ സമിതി ഓഫീസിനുമുള്ള കെട്ടിടം നിർമ്മിക്കൽ | 2600 |
| | ആകെ | 56176 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ശമ്പള പരിഷ്കരണക്കുടിശ്ശിക കണക്കാക്കിയതിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

2016 - ലെ ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ 01-07-2014 മുതൽ 31-01-2016 വരെയുള്ള കാലയളവിലെ ശമ്പളക്കുടിശ്ശികയുടെ രണ്ടു ഗഡു 2017-18 കാലയളവിൽ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ മുഴുവൻ ജീവനക്കാരുടെയും ഡയസ് നോൺ കാലയളവുകൾ പരിഗണിക്കാതെയും തുളസി എം എന്നവർക്ക് 23-07-2015 ൽ നൽകേണ്ട വാർഷിക ശമ്പള വർദ്ധനവ് 01-07-2015 മുതൽ നൽകിയത് ക്രമീകരിക്കുന്നതിന് 24-04-2017ലെ കെ.എസ്.എ /കെ.എൻ.ആർ/ബി1-389/2017 കത്ത് പ്രകാരം നിർദ്ദേശിച്ചത് പരിഗണിക്കാതെയുമാണ് ശമ്പളക്കുടിശ്ശിക അനുവദിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക | ഡയസ് നോൺ | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | ഭാസ്കരൻ | അസി.സെക്രട്ടറി | 22-01-2015,<br>02-09-2015,<br>12-01-2016 | 21700088/11-05-17 ₹160478 ഒന്നാം ഗഡു<br>21700504/27-10-2017 ₹145592രണ്ടാംഗഡു |

| | | | | |
|---|---|---|---|---|
| 2 | രൂപേഷ് .സി.വി | ഹെഡ് ക്ലർക്ക് | ,, | |
| 3 | അനിൽകുമാർ.എം | അക്കൗണ്ടന്റ് | ,, | |
| 4 | ഷമീം.ടി.കെ | സീനിയർ ക്ലർക്ക് | ,, | |
| 5 | ശ്രീജിത്ത് | സീനിയർ ക്ലർക്ക് | ,, | |
| 6 | തുളസി എം | ക്ലർക്ക് | 22-01-2015,<br>12-01-2016 | |
| 7 | രജീഷ്മ പൂവാടൻ | ക്ലർക്ക് | 22-01-2015,<br>02-09-2015,<br>12-01-2016 | |
| 8 | സന്തോഷ്.കെ | ഓഫീസ് അറ്റന്റന്റ് | ,, | |
| 9 | മനില | സീനിയർ ക്ലർക്ക് | 02-09-2015,<br>12-01-2016 | 21700085 dtd 21-07-2017 ₹20602 ഒന്നാം ഗഡു<br>21700504 dtd 27-10-2017 ₹145592 രണ്ടാം ഗഡു |

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/26-12-2018) കുടിശ്ശിക അനുവദിച്ചത് പരിശോധിച്ച് എത്രയും പെട്ടെന്ന് അധികം നൽകിയ തുക ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ജീവനക്കാർക്ക് ശമ്പളക്കുടിശ്ശികയ്ക്ക് അർഹതയില്ലാത്ത കാലയളവിലെ കുടിശ്ശിക കണക്കാക്കി തുക തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-2 മഴക്കാല പൂർവ്വ ശുചീകരണം - സമയബന്ധിതമായി നടപ്പിലാക്കിയില്ല ചെലവ് തുക ₹160000തടസ്സപ്പെട്ടുത്തുന്നു.

മൺസൂൺകാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനു വേണ്ടി ശുചിത്വ

മിഷനിൽ നിന്നും ലഭിച്ച ₹90160 തനത് ഫണ്ടിൽ നിന്ന് ₹69840 ആകെ ₹160,000 വൗച്ചർ നം. 21700213 തീയ്യതി 28-06-2017 പ്രകാരവും വൗച്ചർ നം. 21700214 തീയ്യതി 28-06-2017 പ്രകാരവും പിൻവലിച്ച് മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ₹10000 വീതം 16 വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതിക്ക് നൽകുകയും അക്കൗണ്ടിൽ വരവിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ക്രമീകരിക്കുന്നതിനായി നൽകിയ വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) മഴക്കാല പൂർവ്വ കാമ്പയിൻ ലക്ഷ്യമിട്ടാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ എല്ലാ വാർഡുകളിലും ശുചീകരണ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നത് മഴക്കാലം കഴിഞ്ഞതിനു ശേഷമാണ്. 2017 സപ്തംബർ മുതൽ 2018 മാർച്ച് വരെയുള്ള ചെലവുകളുടെ വൗച്ചറുകളാണ് വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ ലഭ്യമാക്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പ് 16-03-2017 ൽ പുറപ്പെടുവിച്ച 127/2017 ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ, നടത്തേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇതുപ്രകാരം ഏപ്രിൽ മാസം തുടങ്ങി ജൂൺ അവസാനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ കർമ്മ പരിപാടികൾ സംഘടിപ്പിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഖണ്ഡിക 9 ൽ ക്യാമ്പയിന്റെ ഫണ്ട് വരവ് ചെലവ് സംബന്ധിച്ച് പൊതു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 2017 ജൂൺ 30 ന് മുമ്പ് ചെലവഴിക്കുന്ന തുക മാത്രമേ ചെലവായി കണക്കാക്കൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത കർമ്മ പരിപാടികൾക്കും സമയപരിധിക്കു ശേഷവുമാണ് 95% ചെലവുകളും ചെയ്തിതിട്ടുള്ളത്. വാർഡുകളിലെ ചെലവിന്റെ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് നമ്പർ | ചെലവിന്റെ വിവരം | തുക |
|---|---|---|
| I | ആരോഗ്യ പോഷകദിന പരിപാടി<br>സപ്തംബർ 2016 മുതൽ ജൂൺ 2017 വരെ | 1000 |
| | ആരോഗ്യ പോഷകദിന പരിപാടി<br>ഒക്ടോബർ 2017 മുതൽഫെബ്രുവരി 2018 വരെ | 500 |
| | ആരോഗ്യ പോഷകദിന പരിപാടി<br>ഒക്ടോബർ 2017 മുതൽഫെബ്രുവരി 2018 വരെ ഭക്ഷണ ചെലവ് | 500 |
| | IECബോർഡ് 12-02-2018 ലെ ചെലവ് | 2000 |

| | | |
|---|---|---|
| II | IECബോർഡ് 23-01-2018 ലെ ചെലവ് | 2000 |
| | തോട് ശുചീകരണം 19-01-2018 | 4950 |
| III | തോട്ടുമ്മൽ ടാക്കീസ് മുതൽ തോട്ടുമ്മൽ മഠം വരെ ഓടയിൽ നിന്ന് മാലിന്യം നീക്കൽ മസ്റ്റർ റോൾ പ്രകാരം 10-11-17 to 14-11-17 | 7224 |
| | IECബോർഡ് 23-01-2018 ലെ ചെലവ് | 2000 |
| | ക്ലോറിനേഷൻ 29-03-2018 | 1491 |
| IV | നോട്ടീസ് വാക്സിനേഷൻ 21-09-2017 | 700 |
| | ആരോഗ്യ പോഷകദിന പരിപാടി | 600 |
| | ബോർഡ് 15-01-2018 | 6400 |
| | വെള്ളം പരിശോധിക്കുന്നതിന് പോയ വകയിൽ ഓട്ടോ ചാർജ് | 385 |
| | വെള്ളം പരിശോധന വാട്ടർ അതോരിറ്റി 04-10-2017 | 850 |
| V | ലക്ഷം വീട് മുതൽ കോളേജ് റോഡ് ബ്ലോക്ക് ഓഫീസിന് പുറക് വശം വരെ ഓട വൃത്തിയാക്കൽ മസ്റ്റർ റോൾ പ്രകാരം 01-10-2017 to 03-10-2017 | 5000 |
| | മലാൽ എൽ,പി സ്കൂൾ മുതൽ ഇ.എം.എസ് ക്ലബ് വരെ റോഡിന് ഇരുവശവും ഓട വൃത്തിയാക്കൽ മസ്റ്റർ റോൾ പ്രകാരം 18-02-2018 | 1715 |
| | കിണർ ക്ലോറിനേഷൻ 28-03-2018 | 590 |
| | IECബോർഡ് 23-01-2018 ലെ ചെലവ് | 2000 |
| VI | പഞ്ചായത്ത് ഓഫിസ് റോഡ് മുതൽ ചുങ്കം റോഡ് ട്രാൻസ്ഫോർമർ വരെ റോഡിന് വശങ്ങളിലെ മാലിന്യം നീക്കൽ മസ്റ്റർ റോൾ പ്രകാരം 2017സപ്തംബർ 21,22, | 2570 |

| | | |
|---|---|---|
| | | |
| | പെരുന്താറ്റിൽ കുണ്ടൂർ മല റോഡിൽ കുന്നമ്മൽ സുരേഷ് എന്നയാളുടെ വീടിന് മുൻവശം മണ്ണിടിഞ്ഞ് ഗതാഗത തടസ്സം നീക്കുന്നതിനായി തൊഴിലാളികളെ കൊണ്ട് മണ്ണ് പണിയെടുപ്പിച്ച വകയിൽ മസ്റ്റർ റോൾ പ്രകാരം 2017 ഒക്ടോബർ മാസം | 5000 |
| | കിണർ ക്ലോറിനേഷൻ 29-11-2017 | 1140 |
| | ഈഡിസ് സർവ്വെ 29-11-2017 | 560 |
| VII | തുക ചെലവഴിച്ചിട്ടില്ല | |
| VIII | തുക ചെലവഴിച്ചിട്ടില്ല | |
| IX | കൊട്ടാരത്തി മുതൽ ചുങ്കം വരെ തോടിന്റെ മാലിന്യം കോരി വൃത്തിയാക്കൽ മസ്റ്റർ റോൾ പ്രകാരം 2017 ആഗസ്റ്റ് 6 to 10 | 5000 |
| | ചോലാടം അരങ്ങേറ്റ പറമ്പ് റോഡിന് ഇരുവശവും കാട് വെട്ടിതെളിച്ച് വൃത്തിയാക്കൽ മസ്റ്റർ റോൾ പ്രകാരം 2018 ജനവരി 17,18,19 | 2700 |
| | സോഴ്സ് റിഡക്ഷൻ ക്ലോറിനേഷൻ2 018 ജനവരി | 900 |
| X | ഡസ്റ്റ് ബിൻ 26-07-2017 | 4000 |
| | 7-02-2018 ന് സ്കൂൾ മതിലിൽ ആരോഗ്യ ബോധവത്കരണ സന്ദേശങ്ങളും ചിത്രങ്ങളും ആലേഖനം ചെയ്തതിന് | 9900 |
| | 27-11-2017 സാനിറ്റേഷൻ പ്രവൃത്തി | 1400 |
| XI | പെരുന്താറ്റിൽ മുതൽ വാടിയിൽ പീടിക വരെയുള്ള റോഡിന്റെ ഇരുവശത്തുമുള്ള ഓടയിലെ ചെളി കോരി വൃത്തിയാക്കിയതിന് മസ്റ്റർ റോൾ പ്രകാരം 2017 ഒക്ടോബർ 10 to 16 | 8215 |

| | | |
|---|---|---|
| | | |
| | സോഴ്സ് റിഡക്ഷൻ ക്ലോറിനേഷൻ 17-01-2018 | 2120 |
| | സോഴ്സ് റിഡക്ഷൻ ക്ലോറിനേഷൻ 27-03-2018 | 500 |
| XII | പാലക്കുന്ന് പാറക്കെട്ട് റോഡ് ചീക്കൻ മുക്ക് പാറക്കെട്ട് റോഡ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി ഓവുചാൽ വൃത്തിയാക്കൽമസ്റ്റർ റോൾ പ്രകാരം 15-01-2018 | 2570 |
| | പെരുന്താറ്റിൽ ബസാർ പാലക്കുന്ന ഇളയിടത്തുമുക്ക് റോഡിന് ഇരുവശവുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി വൃത്തിയാക്കൽ മസ്റ്റർ റോൾ പ്രകാരം 15-01-2018 | 1015 |
| | ആരോഗ്യ പോഷകദിന പരിപാടി | 600 |
| XIII | ആരോഗ്യ പോഷകദിന പരിപാടി Oct 2015 to Aug 2016 | 1100 |
| | ആരോഗ്യ പോഷകദിന പരിപാടി Sep 2016 to Jun 2017 | 1000 |
| | ആരോഗ്യ പോഷകദിന പരിപാടി Sep 2016 to Jun 2017 ലഘുഭക്ഷണം | 1000 |
| | മഠത്തുംഭാഗം റേഷൻ ഷാപ്പിന് സമീപം വെള്ളം കെട്ടിനിൽക്കുന്ന ഓവുചാൽ വൃത്തിയാക്കൽ മസ്റ്റർ റോൾ പ്രകാരം 01-10-2017 | 2838 |
| XIV | പാറക്കെട്ട് മുതൽ കരിച്ചോലെ വരെ റോഡ് സൈഡ് വൃത്തിയാക്കൽ മസ്റ്റർ റോൾ പ്രകാരം 03-07-2017 | 5676 |
| | ക്ലോറിനേഷൻ 25-03-2018 | 1590 |
| | ക്ലോറിനേഷൻ 26-03-2018 | 500 |
| XV | IEC ബോർഡ്12-02-2018 | 2000 |

| | | |
|---|---|---|
| | ആരോഗ്യ പോഷകദിന പരിപാടി | 1000 |
| XVI | ആരോഗ്യ പോഷകദിന പരിപാടി Sep 2016 to June 2017 | 1000 |
| | ആരോഗ്യ പോഷകദിന പരിപാടി ലഘുഭക്ഷണം | 1000 |
| | ക്ലോറിനേഷൻ 2018പെബ്രുവരി 18 to 20 | 815 |
| | IEC ബോർഡ് 06-02-2018 | 3400 |

2)എല്ലാ അജൈവമാലിന്യങ്ങളും ശേഖരിച്ച് മാലിന്യ പരിപാലന പ്രവർത്തനം ശക്തമാക്കുന്നതിന് പ്ലാസ്റ്റിക്- ഗ്ലാസ്സ് ബോട്ടിൽ, റക്സിൻ, ലതർ ബാഗ്, ചെരുപ്പ്, ഷൂ, റബ്ബർ മാലിന്യങ്ങൾ, ടി.വി, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, ട്യൂബ്, ബൾബ്, പാത്രങ്ങൾ, വസ്ത്രങ്ങൾ തുടങ്ങിയ അജൈവമാലിന്യങ്ങൾ വിവിധകേന്ദ്രങ്ങളിൽ ശേഖരിക്കുന്നു എന്ന് കാണിച്ചു കൊണ്ട് പഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റെയും പേരിൽ നോട്ടീസ് ഇറക്കിയിട്ടുണ്ട്. നോട്ടീസ് പ്രിന്റിംഗ് ചാർജ്ജ് മഴക്കാല പൂർവ്വ ക്യാമ്പയിന്റെ ഭാഗമായ ചെലവിൽ ഉൾപ്പെടുത്തി വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ നൽകിയിട്ടുണ്ട്. പ്രസ്തുത നോട്ടീസിൽ ഒരു ചാക്ക് മാലിന്യത്തിന് ₹200 (ഒരു ചാക്ക് -100കിലോവിന്റെ അരി ചാക്ക്) എന്നും മാലിന്യത്തിന് ആനുപാതികമായി തുക ഈടാക്കുന്നതാണെന്നും കുറിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ മാലിന്യങ്ങൾ ശേഖരിച്ചതിന്റെ വിവരവും ചെലവിനുള്ള സംഭാവനയായി പിരിച്ച തുകയുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

3)ഖണ്ഡിക 10 പ്രകാരം സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് വാർഡ് തല മഴക്കാല പൂർവ്വ ക്യാമ്പയിനുകളും ശുചിത്വ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിക്ക് തന്നെ ആയിരിക്കുമെന്നും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട സെക്രട്ടറി വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതിയിൽ നിന്നും ശേഖരിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറി ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ വിനിയോഗ സർട്ടിഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ് എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാമ്പയിൻ കഴിഞ്ഞ് ഒരു വർഷം പൂർത്തിയായിട്ടും 16വാർഡുകളിലെയും മഴക്കാല പൂർവ്വ ക്യാമ്പയിനുകളുടെയും ശുചിത്വ പ്രവർത്തനങ്ങളുടെയും ചെലവു വിവരം സെക്രട്ടറി പരിശോധിച്ചിട്ടില്ല. കൂടാതെ 2017-18 വർഷത്തിൽ ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച ₹90160 മുഴുവനും വിനിയോഗിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം 01-03-2018 ൽ സെക്രട്ടറി ശുചിത്വ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ VII,VIII വാർഡുകൾക്ക് നൽകിയ തുക ചെലവഴിച്ചിട്ടില്ല എന്നാണ്

വാർഡ് കൺവീനർ അറിയിച്ചിട്ടുള്ളത്.

4) അനുവദിച്ച തുക മുഴുവൻ വിനിയോഗിക്കാത്ത വാർഡുകളും അനുവദിച്ചതിൽ കൂടുതൽ തുക ചെലവഴിച്ച വാർഡുകളുമുണ്ട്. വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതിക്ക് തുക അനുവദിക്കുമ്പോൾ മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുക പരിശോധിച്ച് തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകങ്ങളിൽ നിന്നും വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നില്ല എന്ന് വ്യക്തമാണ്. പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗ് നടത്തപ്പെടുന്നില്ല. ഈ വിഷയത്തിലേക്ക് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ കാരണങ്ങളാൽ ഈ ഇനത്തിൽ മുൻകൂറായി നൽകിയ ₹1,60,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. എല്ലാ രേഖകളും സെക്രട്ടറി വിശദമായി പരിശോധിക്കേണ്ടതും നൽകാൻ പാടില്ലാത്ത തുകകൾ വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി കൺവീനറിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 ഗ്രാമപഞ്ചായത്ത് വാഹന ഇൻഷ്വറൻസ് -കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്

ഗ്രാമപഞ്ചായത്ത് വാഹനമായ KL.58.C.5113 ബൊലേറോ ജീപ്പ് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത് . ഈ ഇനത്തിൽ 2017-18 വർഷം വൗച്ചർ നമ്പർ 21700625 തീയതി 07-12-2017 പ്രകാരം ₹11068 ചെലവഴിച്ചിട്ടുണ്ട്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ എല്ലാ വാഹനങ്ങളുടെയും ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഭാവിയിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനത്തിന്റെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടത്തേണ്ടതാണ്.

## 3-4 മരുന്ന് വാങ്ങൽ - തുക മുൻകൂർ നൽകി നാളിതുവരെയായി മരുന്ന് ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം പ്രാഥമികാരോഗ്യകേന്ദ്രം, ഹോമിയോ ആശുപത്രി, എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായി മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | ബിൽ നമ്പർ ചെക്ക് നമ്പർ / | സ്ഥാപനം | ലഭിച്ച മരുന്ന് | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തുക | | | |
| 1 | 71/17<br>സാന്ത്വനം | SB/JC 0765188<br>തീയതി: 27-3-18<br>₹200000 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 97688 | 102312 |
| 2 | | SB/JC 0765189<br>തീയതി: 27-3-18<br>₹100000 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 54618 | 45382 |
| 2 | 73/17 പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും പ്രമേഹ നിർണ്ണയ സ്ലിപ്പും വാങ്ങൽ | SB/XY 2679178<br>തീയതി: 27-3-18<br>₹200000 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 137617 | 62383 |
| 3 | 152/17 ഹോമിയോ മരുന്ന് വാങ്ങൽ | ബിൽ നം 2/2017-18<br>തീയതി: 15-9-17<br>₹60000 | ഹോമ്കോ, ആലപ്പുഴ | - | 60000 |

ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 വനിതകൾക്ക് പശു വളർത്തൽ പദ്ധതി- അർഹതാമാനദണ്ഡം പാലിക്കാതെ സബ്സിഡി അനുവദിച്ചു-₹50000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജ്ജൻ

പ്രോജക്ടിന്റെ പേര് : വനിതകൾക്ക് പശു വളർത്തൽ പദ്ധതി

പ്രോജക്ട് നമ്പർ : 32/17-18

അടങ്കൽ : ₹75000 വികസന ഫണ്ട് (പൊതു വിഭാഗം)

: ₹75000 ഗുണഭോക്തൃ വിഹിതം

ആകെ : ₹1,50,000

ചെലവ് : ₹75000 ബിൽ നമ്പർ : P-11/17-18/27-3-2018

: ₹75000 ചെക്ക് നമ്പർ : SB/XY26791171/24-3-2018

ആകെ : ₹1,50,000

മേൽ പ്രോജക്ട് പ്രകാരം പശുവിനെ വാങ്ങുന്നതിനായി ഒരു പശുവിന് ₹25000 വീതം മൂന്ന് ഗുണഭോക്താക്കൾക്കായി ₹75000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | മീനാക്ഷി, കോയിലോത്ത് ഹൗസ്, പി ഒ പെരുന്താറ്റിൽ | 12 |
| 2 | രമണി കെ, പറമ്പത്ത് ഹൗസ് , പി ഒ പെരുന്താറ്റിൽ | 6 |
| 3 | സുമതി എം, കോയിത്തട്ട നടുക്കണ്ടിയിൽ | 12 |

ഓഡിറ്റിന് ലഭ്യമാക്കിയ ലൈവ് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 വർഷം ഇതേ ഇനത്തിൽ പെട്ട പ്രോജക്ട് പ്രകാരം ശ്രീമതി രമണി. കെ, പറമ്പത്ത് ഹൗസ്, ശ്രീമതി. സുമതി. എം, കോയിത്തട്ട നടുക്കണ്ടിയിൽ എന്നിവർക്ക് പശുവിനെ വാങ്ങുന്നതിനായി ആനുകൂല്യം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ. ഉ(എം എസ്)80/2017/തസ്വഭവ തീയതി 3-4-2017 പ്രകാരം പശുവളർത്തൽ പദ്ധതിക്കായി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർ 2017-18 വർഷം ഈ ആനുകൂല്യത്തിന് അർഹരല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് മുമ്പ് ഇതേ ഇനത്തിനായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് 17-12-2018 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 4) ലഭ്യമാക്കിയ മറുടിയിൽ മറ്റ് ഗുണഭോക്താക്കളാരും

ഇല്ലാത്തതിനാലാണ് മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അർഹതാമാനദണ്ഡം പാലിക്കാതെ പ്രസ്തുത 2 ഗുണഭോക്താക്കൾക്ക് അനുവദിച്ച ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

1. പ്രോജക്റ്റ് നമ്പർ : 161/18

പ്രോജക്റ്റിന്റെ പേര് :പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ -

അടങ്കൽ : ₹9,00,00 വികസന ഫണ്ട്

ചെലവ് : ₹85,000 ബിൽ നം .19/17-18 തീയതി 16-01-2018

2. പ്രൊജക്റ്റ് നമ്പർ : 03/18

പ്രൊജക്റ്റിന്റെ പേര് : പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ : ₹1,80,000 തനത് ഫണ്ട്

ചെലവ് : ₹1,45,575 വൗച്ചർ നമ്പർ : 21700698/15-01-2018

മേൽ പ്രോജക്റ്റുകൾ പ്രകാരം യഥാക്രമം Compunet System Kannur എന്ന സ്ഥാപനത്തിൽ നിന്ന് 2 കമ്പ്യൂട്ടറുകളും Corporate Business Solution എന്ന സ്ഥാപനത്തിൽ നിന്ന് 3 കമ്പ്യൂട്ടറുകളും 3 LED മോണിറ്ററുകളും ടെണ്ടർ മുഖേന വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ ടെണ്ടറിൽ പരാമർശിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ തന്നെയാണ് ലഭിച്ചത് എന്നും ആയത് പ്രവർത്തനക്ഷമമാണ് എന്നതിനും ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-7 പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് - പത്രപരസ്യം ഡിസ്കൗണ്ട് ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : 113/18

പ്രോജക്റ്റിന്റെ പേര് : പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ്

അടങ്കൽ : ₹145192 വികസന ഫണ്ട്

:₹48575 തനത് ഫണ്ട്

ആകെ : ₹193767

ചെലവ് തുക : ₹145192 ( വികസന ഫണ്ട് )

: ₹6000 (തനത് ഫണ്ട് )

2017-18 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ടെണ്ടർ / റീ ടെണ്ടർ പരസ്യ ഇനത്തിൽ താഴെ പറയും പ്രകാരം ക്രമനമ്പർ 1,2നികുതി ഉൾപ്പെടാതെയും ക്രമ നമ്പർ 3,4,5 എന്നിവ 5% ജി.എസ്.ടി ഉൾപ്പെടെയും ₹40976ദേശാഭിമാനി ദിനപത്രത്തിന് നൽകിയിട്ടുണ്ട്.

| ക്രമ. നമ്പർ | ഇൻവോയ്സ് നമ്പർ /തിയതി | അളവ് | നിരക്ക് | തുക | ബിൽ / വൌച്ചർ |
|---|---|---|---|---|---|
| 1 | KNR/2017034879dtd 23-03-2017 | 4 x 2 | 160 | 5120 * | 6/17-18 dtd16-08-2017 |
| 2 | KNR/2017064639dtd 02-06-2017 | 6 x 2 | 180 | 8640 * | 10/17-17 dtd30-08-2017 |
| 3 | KNR/8275dtd 18-08-2017 | 5 x 8 | 180 | 7560 | 14/17-18 dtd 26-09-2017 |
| 4 | KNR/20471dtd 27-10-2017 | 5 x 8 | 180 | 7560 | 18/17-18 dtd 23-11-2017 |
| 5 | KNR/32767dtd 20-01-2018 | 8 x 8 | 180 | 12096 | 25/17-18 dtd 22-02-2018 |
| | ആകെ | | | 40976 | |

പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)ദർഘാസ് പരസ്യങ്ങൾ 3 x 2 സെ.മീ അളവിൽ വിൻഡോ രൂപത്തിലാക്കണമെന്ന ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ 7441/ ഡി1/04 തീ-21/06/04 ലെ സർക്കുലർ നിർദ്ദേശം പാലിച്ചിട്ടില്ല.

2)പി& എ ആർ ഡി യുടെ 04/01/11 ലെ 1/2011 സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യനിരക്കിൽ 15% ഡിസ്കൌണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പരസ്യങ്ങൾക്ക് ഇപ്രകാരം ഡിസ്കൌണ്ട് ലഭ്യമാക്കിയിട്ടില്ല. എന്നാൽ 08-02-2018 ലെ പരസ്യത്തിന് 15% ഡിസ്കൌണ്ട് അനുവദിച്ചിട്ടുമുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ പത്ര പരസ്യങ്ങൾക്കായി സർക്കാർ കാലാകാലങ്ങളിൽ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 20/11/15 ലെ സ.ഉ(ആർ.ടി) 551/15/ ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെട്ട നിരക്കാണ്

നിലവിലുള്ളത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/26-12-2018 നുള്ള മറുപടിയിൽ 3*2 cm ആണ് പരസ്യം നല്കിയതെങ്കിലും പ്രാദേശിക പേജില്ലാത്തതിനാൽ സംസ്ഥാനമൊട്ടാകെ പ്രസിദ്ധീകരിക്കുന്ന പേജിൽ പരസ്യം നൽകിയതിനാലാണ് പരസ്യ തുക ഇത്രയും നൽകേണ്ടി വന്നത് എന്നും ഇ-മെയിൽ വഴി പത്ര ഓഫീസിലേക്ക് പരസ്യം നൽകേണ്ടി വന്നതിനാൽ ഡിസ്കൗണ്ട് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നും ഇനിമുതൽ ഡിസ്കൗണ്ട് ലഭിക്കുന്നതിന് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ മുഖേന പരസ്യം നൽകുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നുമാണ് അറിയിച്ചത്. എന്നാൽ 10-09-2014 ലെ സ.ഉ (.ആർ.ടി) നം 288/14/ഐ & പി.ആർ.ഡി.ഉത്തരവു പ്രകാരം സ്ഥാപനങ്ങൾ നേരിട്ട് നൽകുന്ന പരസ്യത്തിനും ഡിസ്കൗണ്ട് നൽകേണ്ടതാണ്. ആയതിനാൽ നിയമാനുസൃതം ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ദൈനം ദിന നടത്തിപ്പിലെ അപാകങ്ങൾ - ചെലവ് തുക ₹ 1,59,783 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ :127/18

പ്രോജക്ടിന്റെ പേര് : എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ദൈനം ദിന നടത്തിപ്പ് 2017-18

| | |
|---|---|
| അടങ്കൽ | : ₹194125 വികസന ഫണ്ട് |
| | : ₹3,00,000 തനത് ഫണ്ട് |
| | : ₹5,00,000 ജില്ലാ പഞ്ചായത്തത് വിഹിതം |
| | : ₹5875 മറ്റുള്ളവ |
| ആകെ | : ₹10,00,000 |
| ചെലവ് | : ₹1,94,112 വികസന ഫണ്ട് |
| | : ₹2,97,451 തനത് ഫണ്ട് |
| | : ₹2,08,210 ജില്ലാ പഞ്ചായത്തത് വിഹിതം |
| | : ₹4287 മറ്റുള്ളവ |
| ആകെ | : ₹7,04,060 |

മേൽ പ്രോജക്ട് പ്രകാരം ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ദൈനം ദിന നടത്തിപ്പിന്റെ ഭാഗമായ ജീവനക്കാരുടെ വേതനം, വാഹന വാടക, ഭക്ഷണ ചെലവ്, ഫർണിച്ചർ വാങ്ങൽ എന്നീ ചെലവുകളാണ് നടത്തിയിട്ടുള്ളത്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഭക്ഷണ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

2017-18 ൽ സിവിൽ സപ്ലൈസ് കോർപറേഷനിൽ നിന്നും താഴെ പറയുന്ന തുകയ്ക്കുള്ള അരിയും പലവ്യഞ്ജനങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വരവും ചെലവും സംബന്ധിച്ച സ്റ്റോക്ക് വിവരം കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ബിൽ /വൗച്ചർ നമ്പർ തീയതി | തുക |
|---|---|---|
| 1 | Vr.No . 7/17dtd 10-06-2017 | 2488 |
| 2 | Bill No. 5/17-18 dtd 17-09-2017 | 3392 |
| 3 | Bill No. 18/17-18 dtd 23-01-2018 | 1941 |
| 4 | Bill No. 32/17-18 dtd 28-03-2018 | 3152 |
| ആകെ | | ₹10973 |

2. ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്റർ.

2017-18 വർഷം കാഡ്കോവിൽ നിന്നും ഇൻവോയ്സ് നമ്പർ KADCO/NRO/SALES /201-18/57 /10-11-2017 പ്രകാരം ₹1,48,810( Ch.No. 0765185 dtd 19-03-2018) യുടെ താഴെ പറയുന്ന ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവയുടെ കൃത്യമായ സ്റ്റോക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | Anjili Wood Plain table | 8 |
| 2 | Revolving Chair Armed Cushioned Seat &Back | 8 |
| 3 | Steel Chair Armed-CushionedSeat &Back | 14 |
| 4 | Steel Almirah with Locker 20G 78 “x 36 “x 19” 4Shelves | 2 |
| 5 | Steel Table 4” x2” 1 side Drawer & Cupboard-20G(Novopan Top) | 1 |

മേൽ സാധനങ്ങളുടെ കൃത്യമായ സ്റ്റോക്ക് വിവരം സൂക്ഷിക്കാത്തതിനാൽ ചെലവ് തുക ₹1,59,783 തടസ്സപ്പെടുത്തുന്നു.

## 3-9 പ്ലാസ്റ്റിക് ശേഖരണ യൂണിറ്റിൽ ഷ്രഡിംഗ് മെഷീനും ബെയലിംഗ് മെഷീനും സ്ഥാപിക്കൽ - ഇൻസ്റ്റലേഷൻ റിപ്പോർട്ട്, യൂണിറ്റുകൾ പ്രവർത്തന ക്ഷമമാണെന്നുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 157/18

പ്രോജക്ടിന്റെ പേര് : പ്ലാസ്റ്റിക് ശേഖരണ യൂണിറ്റിൽ ഷ്രഡിംഗ് മെഷീനും ബെയലിംഗ് മെഷീനും സ്ഥാപിക്കൽ

അടങ്കൽ : ₹10,20,000 വികസന ഫണ്ട്

ചെലവ് തുക : ₹9,82,943 ബിൽ നം .26/17-18 തീയതി 22-02-2018

മേൽ പദ്ധതി പ്രകാരം ക്ലീൻ കേരള കമ്പനിക്ക് 03/17-18 തീയതി 01-11-2017 നമ്പർ കരാർ പ്രകാരം പ്ലാസ്റ്റിക് ശേഖരണ യൂണിറ്റിൽ ഷ്രഡിംഗ് മെഷീനും ബെയലിംഗ് മെഷീനും സ്ഥാപിക്കാൻ തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, യൂണിറ്റുകൾ പ്രവർത്തന ക്ഷമമാണെന്നുള്ളതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നൽകിയ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല . ആയത് ലഭ്യമാക്കേണ്ടതാണ്.

## **3-10** <u>പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ (മേശയും കസേരയും) - അനർഹർക്ക് ആനുകൂല്യം നൽകി -₹4976 നിരാകരിക്കുകയും ₹9952 തടസ്സപ്പെടുത്തുകയും ചെയ്യുന്നു</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 62/18

പ്രോജക്ടിന്റെ പേര് : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ (മേശയും കസേരയും)

അടങ്കൽ : ₹54724 വികസനഫണ്ട് - എസ്.സി.പി

ചെലവ് : ₹ 54724 ബിൽ നമ്പർ CB 30/17-18/18-02-2018

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം 11 വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി ടെണ്ടർ പ്രകാരം ഫിഡ്കോ എന്റർപ്രൈസിൽ നിന്നുമാണ് മേശയും കസേരയും വാങ്ങിയിട്ടുള്ളത്. മേശ ഒന്നിന് ₹3488 നിരക്കിലും കസേരക്ക് ₹1488 നിരക്കിലുമാണ് വില നൽകിയിട്ടുള്ളത് (ഇൻവോയ്സ് നമ്പർ 201/10-01-2018). പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ജില്ലു. ജെ എന്നവരുടെ മക്കളായ ആദിത്യൻ. ആർ.ജെ, അർപ്പിത. ആർ.ജെ എന്നിവർക്ക് മേശയും കസേരയും നൽകിയിട്ടുണ്ട്. ഇവർ പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് എന്ന് ഹെഡ് മാസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജാതി സർട്ടിഫിക്കറ്റിന് തലശ്ശേരി താലൂക്ക് ഓഫീസിൽ നൽകിയ അപേക്ഷക്കുള്ള മറുപടിയിൽ (റഫ്. 20006/2017/ഇ2 തീയതി 31-10-2017) നരവംശ ശാസ്ത്രപരമായ അന്വേഷണം നടത്തി ജാതി തെളിയിക്കുന്നതിനായി കോഴിക്കോട് കിർടാഡ്സ് ഡയരക്ടർക്ക്

അയച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് താങ്കൾക്ക് അർഹമായ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ മേൽ ഗുണഭോക്താക്കളുടെ ജാതി വ്യക്തമല്ല. ആയതിനാൽ ഇവർക്ക് അനുവദിച്ച മേശയുടെയും കസേരയുടെയും തുകയായ ₹9952 തടസ്സപ്പെടുത്തുന്നു. ആവശ്യമായ സർട്ടിഫിക്കറ്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2)ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ധിനിക് ഇ. S/Oഹരിദാസൻ. ഇ, കേദാരം, വടക്കുമ്പാട് പി.ഒ, തലശ്ശേരി എന്ന ഗുണഭോക്താവിന്റെ കുടുംബത്തിൽ ശ്രീ. ഹരിദാസൻ. എന്നവർ പെൻഷണർ ആണ്. സ.ഉ (എം.എസ്) നം 80/2017/തസ്വഭവ. തീയതി 03-04-2017 ഖണ്ഡിക 2.15 പ്രകാരം സർക്കാർ /അർദ്ധ സർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷണർ /ഫാമിലി പെൻഷണർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം രണ്ടു ലക്ഷം രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല. ആയതിനാൽ ധിനിക് ഇ. S/Oഹരിദാസൻ. ഇ, എന്ന ഗുണഭോക്താവിന് ആനുകൂല്യത്തിന് അർഹതയില്ല. ആയതിനാൽ മേശയും കസേരയുടെയും തുകയായ ₹4976 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

3)സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ ഗുണഭോക്താവിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ടാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത് . ആയത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 5/ 18-12-2018 നുള്ള മറുപടിയിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്നും ഹരിദാസൻ സർവീസ് പെൻഷണർ ആണെങ്കിലും ഗുണഭോക്താവ് ഭിന്നശേഷിക്കാരനായ വിദ്യാർത്ഥിയും ആ കുടുംബത്തിന് മറ്റു വരുമാന മാർഗ്ഗമൊന്നുമില്ലാത്തതിനാലും ആനുകൂല്യം നൽകിയതാണ് എന്നും 80/2017/തസ്വഭവ. തീയതി 03-04-2017 ഉത്തരവ് ശ്രദ്ധിക്കാതെ പോയതുകൊണ്ടുമാണെന്നുമാണ്. ആയത് സംബന്ധിച്ച് സർക്കാർ സാധൂകരണത്തിന് അപേക്ഷിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

## 3-11 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -പ്രോജക്ട് നടപ്പാക്കിയതിലെ അപാകങ്ങൾ- ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്ട് നമ്പർ | : 50/18 |
| പ്രോജക്ടിന്റെ പേര് | : പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | : ₹365281 വികസനഫണ്ട് (എസ്.സി.പി) |
| | : ₹34719 തനത് ഫണ്ട് |
| ആകെ | : ₹400000 |

ചെലവ് : ₹50,000 ബിൽ നമ്പർ CB 28/17-18/18-02-2018

: ₹50,000 ബിൽ നമ്പർ CB 29/17-18/18-02-2018

: ₹50,000 ബിൽ നമ്പർ CB 31/17-18/08-03-2018

: ₹50,000 ബിൽ നമ്പർ CB 35/17-18/28-03-2018

ആകെ : ₹2,00,000

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന മേൽ പ്രോജക്ട് പ്രകാരം മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്കാണ് പഠനമുറി അനുവദിച്ചിട്ടുള്ളത്. രണ്ട് പേർക്ക് മുൻകൂറായി ₹50,000 വീതവും ഒരാൾക്ക് രണ്ട് ഗഡുക്കളായി മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നം 1683/2017/തസ്വഭവ തീയതി 23.05.2017 ലെ ക്രമനമ്പർ 23 പ്രകാരം പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി അനുവദിക്കാവുന്നതാണ്. നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ₹1,00,000 സബ്സിഡി അനുവദിക്കാവുന്നതാണ്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)ജില്യ. ജെ, നികഞ്ചം, കപ്പർട്ടിപ്പാറക്കൽ, പൊന്ന്യം വെസ്റ്റ്, തലശ്ശേരി എന്നവർക്ക് കരാറിന്റെ അടിസ്ഥാനത്തിൽ ₹50,000 മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവായ വിദ്യാർത്ഥിയുടെ പേര്, ജാതി, പഠിക്കുന്ന സ്കൂൾ, ക്ലാസ്സ്, കുടുംബ വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ജാതി സർട്ടിഫിക്കറ്റിന് തലശ്ശേരി താലൂക്ക് ഓഫീസിൽ നൽകിയ അപേക്ഷക്കുള്ള മറുപടിയിൽ (റഫ്. 20006/2017/ഇ2 തീയതി 31-10-2017) നരവംശ ശാസ്ത്രപരമായ അന്വേഷണം നടത്തി ജാതി തെളിയിക്കുന്നതിനായി കോഴിക്കോട് കിർടാഡ്സ് ഡയറക്ടർക്ക് അയച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് താങ്കൾക്ക് അർഹമായ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ് എന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ മേൽ ഗുണഭോക്താക്കളുടെ ജാതി വ്യക്തമല്ല. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഏരിയാ സ്റ്റേറ്റ് മെന്റ് പ്രകാരം നിലവിലുള്ള വീടിന്റെ വിസ്തൃതി 598 ചതുരശ്ര അടിയും നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തൃതി 12 ചതുരശ്ര മീറ്ററുമാണ് അതായത് 129ചതുരശ്ര അടി.

2)നന്ദന കൃഷ്ണ, D/Oബാലകൃഷ്ണൻ. സി, തേൻഉരുത്തിയിൽ വീട്, കുളി ബസാർ, വടക്കുമ്പാട് പി.ഒ. എന്നവർക്ക് പഠനമുറി പൂർത്തിയാക്കിയതിനാൽ രണ്ടു ഗഡുക്കളായി ₹100000 അനുവദിച്ചിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകിയതിന് ചമച്ച കരാർ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോജക്ടിന്റെ ഗുണഭോക്താവ് പട്ടികജാതി വിദ്യാർത്ഥിയാണ് എന്ന് തെളിയിക്കുന്ന രേഖ, അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രം, കുടുംബ വരുമാനം തെളിയിക്കുന്നസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഏരിയാ സ്റ്റേറ്റ് മെന്റ് പ്രകാരം നിലവിലുള്ള വീടിന്റെ വിസ്തൃതി 78.20 ചതുരശ്ര മീറ്ററും (841 ചതുരശ്ര അടി) നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തൃതി 11.7 ചതുരശ്ര മീറ്റർ ( 126ചതുരശ്ര അടി) മാണ്.

3)രാജേഷ്. പി, ഒതയോത്ത് താഴെ, വടക്കമ്പാട്. പി. ഒ, എന്നവർക്ക് കരാറിന്റെ അടിസ്ഥാനത്തിൽ ₹50,000 മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ ഗുണഭോക്താവായ വിദ്യാർത്ഥിയുടെ പേര്, ജാതി, പഠിക്കുന്ന സ്കൂൾ, ക്ലാസ്സ്, കുടുംബ വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഏരിയാ സ്റ്റേറ്റ് മെന്റ് പ്രകാരം നിലവിലുള്ള വീടിന്റെ വിസ്തൃതി 53.78 ചതുരശ്ര മീറ്ററും (579 ചതുരശ്ര അടി) നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തൃതി 11.89 ചതുരശ്ര മീറ്റർ ( 128ചതുരശ്ര അടി) മാണ്.

ആവശ്യമായ രേഖകളില്ലാതെയും സർക്കാർ ഉത്തരവിന് വിരുദ്ധമായി നിർമ്മാണം നടത്തിയിട്ടുള്ളതിനാലും ചെലവ് തുക ₹2,00,000 തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6/18-12-2018നുള്ള മറുപടിയിൽ അപാകങ്ങൾ പരിഹരിച്ച് രേഖകൾ പിന്നീട് പരിശോധനക്ക് വിധേയമക്കുന്നതാണ് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയത്. ആവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 തെരുവ് വിളക്ക് അറ്റകുറ്റപ്പണി- പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ₹1,92,630 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 124/18

പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് അറ്റകുറ്റപ്പണി

അടങ്കൽ : ₹2,91,000 തനത് ഫണ്ട്

ചെലവ് : ₹21,700 വൗച്ചർ നമ്പർ 21700536/03-11-2017

: ₹39,990 വൗച്ചർ നമ്പർ 21700537/03-11-2017

: ₹4855 വൗച്ചർ നമ്പർ 21700921/15-02-2018

: ₹14645 വൗച്ചർ നമ്പർ 21700946/26-02-2018

: ₹33040 വൗച്ചർ നമ്പർ 21701159/28-03-2018

: ₹39200 വൗച്ചർ നമ്പർ 21701160/28-03-2018

: ₹39200 വൗച്ചർ നമ്പർ 21701161/28-03-2018

ആകെ : ₹1,92,630

11-12-2014ലെ സ.ഉ(സാധാ)നം.3287/2014/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് അടാട്ട് ഗ്രാമപഞ്ചായത്തിലെ മാതൃക അവലംബിക്കാവുന്നതാണെന്നും നടപടി സ്വീകരിക്കാൻ താല്പര്യമുള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രൊപ്പോസലുകൾ പരിശോധിച്ച് അനുമതി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിലുള്ള പഞ്ചായത്ത് ഡയറക്ടറുടെ 17-08-2015

ലെ ജി2- 44274 നമ്പർ മാർഗ്ഗരേഖ അനുസരിച്ചമാണ് പ്രസ്തുത ബഹുവർഷ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതുപ്രകാരം 2017-18 ലെ അടങ്കൽ ₹2,91,000 ആണ്. 2021-22 വരെ 5 വർഷത്തേക്ക് ₹19,91,000-ന്റെ പ്രോജക്ടാണ് തയ്യാറാക്കിയിരിക്കുന്നത്. നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവു വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2)ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock in Register ഉം Stock out Register ഉം റീക്കൺസൈൽ ചെയ്യുന്നുവെന്നും തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച് സ.ഉ.(സാധാ) നം 2134/2015 തസ്വഭവ തീയതി 15-07-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

3)മോണിറ്ററിംഗിന് വിപുലമായ ഒരു സമിതി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള മോണിറ്ററിംഗ് സമിതി രൂപീകരിച്ച് മോണിറ്ററിംഗ് നടത്തിയതായി രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പ്രകാരം മോണിറ്ററിംഗിന് പൊതുമരാമത്ത് (വൈദ്യുതി,ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് .

4)വാഹന വാടക ഇനത്തിലുള്ള തുക ശ്രീ. ഷാജി .എൻ.സി എന്നവർക്കാണ് നൽകിവരുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ വിളിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5)2017-18ൽ ശ്രീ. വികാസ്. എം.പി, ശ്രീ. ഷാജി. എൻ.സി. എന്നിവരെയാണ് ഇലക്ട്രീഷ്യന്മാരായി നിയമിച്ചിരിക്കുന്നത്. നിയമനം സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ കാരണം ചെലവ് തുക ₹1,92,630 തടസ്സപ്പെടുത്തുന്നു.

## 3-13 <u>തെരുവ് വിളക്ക് സ്ഥാപിക്കൽ (എൽ. ഇ. ഡി ) - കെ.എസ്.ഇ.ബിയുടെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 115/18

പ്രോജക്ടിന്റെ പേര് : തെരുവ് വിളക്ക് സ്ഥാപിക്കൽ (എൽ. ഇ. ഡി )

| | | |
|---|---|---|
| അടങ്കൽ | : ₹4,62,000 | വികസന ഫണ്ട് |
| | : ₹45040 | തനത് ഫണ്ട് |
| ചെലവ് തുക | : ₹3,52,000 | ബിൽ നമ്പർ : 27/17-18/22-02-2018 |

തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ക്രൂസിൽ നിന്നും

ഇൻവോയ്സ് നമ്പർ KREWS/GST/70/2017-18 dtd 02-02-2018 പ്രകാരം 160 എണ്ണം 12 W. LED ബൾബുകൾ വാങ്ങിയിട്ടുണ്ട്. ക്രൂസിന് ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെയാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി പ്രാകാരം KSEBക്ക് സൂപ്പർ വിഷൻ ചാർജ്ജ് നൽകിയതിന്റെയും KSEBയുടെ മേൽ നോട്ടത്തിൽ LED ബൾബുകൾ സ്ഥാപിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഇൻസ്റ്റലേഷൻ സംബന്ധിച്ച് സെക്രട്ടറിയുടെ 12-10-2018 ലെ എ3/5120/18നമ്പർ സക്ഷ്യപത്രവും വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രവുമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. KSEB നൽകിയ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-14 GST ഈടാക്കിയില്ല ₹8,569 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് ടാറിംഗ് പ്രവൃത്തികളുടെ തുക കരാറുകാരന് നൽകുമ്പോൾ ടാർ ബാരലിന്റെ വില കുറവ് വരുത്തിയെങ്കിലും ബാരലിന്റെ വിലയ്ക്ക് ഈടാക്കേണ്ടിയിരുന്ന 18 % GST ഈടാക്കിയിട്ടില്ല. ആയതിനാൽ വിവിധ കരാറുകാർക്ക് താഴെപ്പറയും പ്രകാരം ₹8,569അധികം തുക നൽകാനിടയായിട്ടുണ്ട്. അധികം നൽകിയ ₹8,569 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹8,569 കരാറുകാരിൽനിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ /പേര്<br>കരാറുകാരന്റെ പേര് | ടാർ ബാരലിന്റെ എണ്ണം | GST (ബാരലിന്റെ എണ്ണംx238x18%) |
|---|---|---|---|
| 1 | 20/18<br>മുള്ളൂർ വത്സൻ ചാലിൽ ക്ഷേത്രം റോഡ് ടാറിംഗ്<br>വിനീഷ് കുമാർ. യു.എം. | 18 | 771 |
| 2 | 21/18<br>നാരോൺ ചന്ദ്രൻ രവി മാസ്റ്റർ റോഡ് 2nd ലയറും ടാറിംഗും<br>ടി. പി. രഘുറാം. | 6 | 257 |
| 3 | 131/18 | 2 | 86 |

| | | | |
|---|---|---|---|
| | മുള്ളൂർ കുറ്റിക്കാട്ടിൽ റോഡിൽ 2nd ലയറും ടാറിംഗും<br>ടി. പി. രഘുറാം. | | |
| 4 | 27/18<br>കുടക്കളം സ്കൂൾ ചക്കാലമുക്ക് റോഡിൽ 2nd ലയറും ടാറിംഗും<br>PICOS | 12 | 514 |
| 5 | 54/18<br>വള്ളിൽ നാരമ്പത്ത് റോഡിൽ 2nd ലയറും ടാറിംഗും<br>റീജിൻ. എം. എം. | 12 | 514 |
| 6 | 52/18<br>താറ്റിയോട്ട് നെട്ടങ്ങോട്ട് കാവ് റോഡിൽ ഡ്രയിനേജും റീടാറിംഗും<br>വിനീഷ് കുമാർ. യു.എം. | 19 | 814 |
| 7 | 55/18<br>ശ്രീനാരായണ യു.പി.സ്കൂൾ പന്നിയോട് താഴെ റോഡിൽ 2nd ലയറും ടാറിംഗും<br>ടി. പി. രഘുറാം. | 16 | 685 |
| 8 | 25/18<br>കുറ്റിക്കാട്ടിൽ മഠത്തിൽ റോഡ് ടാറിംഗ്<br>PICOS | 26 | 1114 |
| 9 | 143/18<br>കുറുമ്പി കുഞ്ഞിക്കണ്ണൻ കൊട്ടാരത്തിൽ റോഡിൽ 2nd | 8 | 343 |

| | | | |
|---|---|---|---|
| | ലയറും ടാറിംഗും<br>ടി. പി. രഘുറാം. | | |
| 10 | 146/18<br>കൊട്ടാരം വേലാണ്ടി റോഡിൽ 2nd ലയറും ടാറിംഗും<br>ടി. പി. രഘുറാം. | 5 | 214 |
| 11 | 26/18<br>തച്ചോളി കുറുമ്പി കുഞ്ഞിക്കണ്ണൻ റോഡിൽ 2nd ലയറും ടാറിംഗും<br>ടി. പി. രഘുറാം. | 7 | 300 |
| 12 | 30/18<br>കണ്ടോത്ത് കല്ല് കൊത്തി റോഡിൽ 2nd ലയറും ടാറിംഗും<br>വിനീഷ് കുമാർ. യു.എം. | 13 | 557 |
| 13 | 23/18<br>കോറോത്ത് മിഡിലിൽ പുത്തൻപുര റോഡ് ടാറിംഗ്<br>PICOS | 22 | 943 |
| 14 | 11/18<br>നണം കുളം റോഡിൽ 2nd ലയറും ടാറിംഗും<br>പ്രമോദൻ. കെ.സി. | 12 | 514 |
| 15 | 129/18<br>റേഷൻ ഷോപ്പ് തിരുവോത്തി ഭഗവതി ക്ഷേത്രം തടത്തിൽ താഴെ റോഡിൽ 2nd ലയറും ടാറിംഗും | 14 | 600 |

| | | | |
|---|---|---|---|
| | വി. ഭാസ്കരൻ | | |
| 16 | 101/18<br>കാളിയിൽ അംഗൻവാടി റോഡ് ടാറിംഗ്<br>വിനീഷ് കുമാർ. യു.എം. | 8 | 343 |
| | ആകെ | | 8569 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 500000 | 127/18<br>എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ് 2017-18 | ഇല്ല | 5,00,000 |
| 2 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200000 | 71/18<br>സാന്ത്വനം | 200000 | ഇല്ല |
| 3 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 100000 | | 100000 | ഇല്ല |
| 4 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 266875 | 8/18<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 266875 | ഇല്ല |
| 5 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 266875 | | 266875 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 6 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 25500 | 45/18<br>പച്ചക്കറി കൃഷിക്ക് ജൈവവളം, കുമ്മായം, കൂലിചെലവ് സബ്സിഡി | 25500 | ഇല്ല |
| 7 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 776500 | 165/18<br>പ്ലാസ്റ്റിക്ക് ശേഖരണ കേന്ദ്രത്തിൽ ശുചിമുറിയും അനുബന്ധ സൗകര്യങ്ങളും | ഇല്ല | 776500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹590 യുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീതി നമ്പർ /തീയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 2-1(1) | 20 | ശ്രീ. സനിൽ കുമാർ. കെ. | 117080100839/7-6-2017 |
| | | 50 | ശ്രീ. കെ. എൻ. രവി | 117080100840/7-6-2017 |
| | | 100 | ശ്രീ. അനിൽ കുമാർ. പി.പി. | 117080100865/12-6-2017 |

| | | | | |
|---|---|---|---|---|
| | | 170 | ശ്രീ. കെ. ടി. രാജൻ. | 117080100925/15-6-2017 |
| | | 50 | ശ്രീ. സഞ്ജിത്ത്. കെ. പി. | 117080100931/16-6-2017 |
| | | 50 | ശ്രീ. കൊട്ടെൻ നാരായണൻ | 117080100937/16-6-2017 |
| | | 100 | ശ്രീ. ജയേഷ്. വി. | 117080101145/6-7-2017 |
| | | 50 | ശ്രീ. കെ. എം. കനകദാസ് | 117080100733/7-6-2017 |
| | ആകെ | 590 | | |

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)ാവകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5,7 | 2012-13 | 3.13.17. | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | -- | 2011-12 | 2-1 | ഗ്രാമ സഭ പൊതു അവലോകനം | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 3-2 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തി അനെർട്ട് | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | -- | 2012-13 | 3.4.5.2 | ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | -- | 2012-13 | 3.4.13 | ജാഗ്രതാ മേൽ നോട്ട സമിതികൾ | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2.2 | 2016-17 | 2 | തൊഴിൽ നികുതി | - |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 46918537 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 60086320 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 4976 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 772365 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-10 | - | 4976 | ശ്രീ. ഭാസ്കരൻ. കെ. അസിസ്റ്റന്റ് സെക്രട്ടറി |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-2 | 160000 | ശ്രീ. മാത്യു. കെ. എം. സെക്രട്ടറി |
| 3-5 | 50000 | ഡോ. ദീപ. എ. വെറ്റിനറി സർജൻ |
| 3-8 | 159783 | ശ്രീ. ഭാസ്കരൻ. കെ., അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 9952 | ശ്രീ. ഭാസ്കരൻ. കെ. അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 200000 | ശ്രീ. ഭാസ്കരൻ. കെ. അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-12 | 192630 | ശ്രീ. മാത്യു. കെ. എം. സെക്രട്ടറി |
| ആകെ | 772365 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 3-14 | 8569 | ശ്രീ. സന്തോഷ് പി., അസിസ്റ്റന്റ് എഞ്ചിനീയർ |

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/നടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഭാസ്കരൻ. കെ. അസിസ്റ്റന്റ് സെക്രട്ടറി | റിട്ടയർ ചെയ്തു | സിറ്റാഡിൽ, പൊന്ന്യം വെസ്റ്റ് പി.ഒ., കുണ്ടുചിറ, കതിരൂർ |
| ശ്രീ. സന്തോഷ് പി., അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എഞ്ചിനീയർ, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | പുനത്തുമ്മൽ, കരിയാട് സൗത്ത് പി.ഒ., തലശ്ശേരി, കണ്ണൂർ |
| ശ്രീ. മാത്യു കെ.എം., സെക്രട്ടറി | സെക്രട്ടറി, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | കാരിക്കാട്ടിൽ ഹൗസ്, എരഞ്ഞോളി പി.ഒ., പിൻ 670107 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93, 1993-94 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 1 |
| 1996-97 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 3 |
| 1999-00 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 1 |
| 1999-00 പ.വി | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 11 |
| 2001-02പ.വി | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 3 |
| 2002-03 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 9 |
| 2003-04 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 14 |
| 2004-05 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 3 |
| 2005-06 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 9 |
| 2006-07 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 5 |
| 2007-08 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 14 |

| | | |
|---|---|---|
| 2008-09 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 16 |
| 2009-10<br>2010-11<br>2011-12 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 19 |
| 2012-13 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 8 |
| 2013-14<br>2014-15 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-560/18 തീയതി 10-04-18 | 13 |
| 2016-17 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 7-398/18തീയതി 14-05-18 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.7/18/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 06.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

RECEIPT AND PAYMENT STATEMENT OF ERANHOLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|

| | | | |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 18368836.28<br>45138 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1786940 |
| 140000000 | Fees & User Charges | RP-4 | 590884 |
| 150000000 | Sale & Hire Charges | RP-5 | 109936 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36285379 |
| 171000000 | Interest Earned | RP-9 | 166273 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4520439 |
| 350000000 | Other Liabilities | RP-36 | 101337 |
| 431000000 | Sundry Debtors (Receivables) | RP-43 | 47184 |
| Non operating | | | |
| 180000000 | Other Income | RP-10 | 64816 |
| 311000000 | Earmarked Fund | RP-29 | 1557 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 36300 |
| 350000000 | Other Liabilities | RP-36 | 327057 |
| 431000000 | Sundry Debtors (Receivables) | RP-43 | 2468484 |
| 460000000 | Loans, Advances and Deposits | RP-47 | 411951 |
| Grand Total | | | 65332511.28 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2422451 |
| 220000000 | Administrative Expenses | RP-12 | 688066 |
| 230000000 | Operations & Maintenance | RP-13 | 1438809 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3824536 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 8524845 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4186485 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 2200260 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 310800 |
| 255000000 | Maintance Projects | RP-20 | 7355089 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 887115 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 0 |
| 280000000 | Prior Period Item | RP-26 | -20236 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 116298 |
| 350000000 | Othes Liabilities | RP-36 | 4853182 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 22441 |
| 311000000 | Earmarked Funds | RP-29 | 25000 |
| 340000000 | Deposits Received | RP-34 | 3600 |
| 350000000 | Other Liabilities | RP-36 | 1762966 |
| 410000000 | Fixed Assets | RP-38 | 3146203 |
| 412000000 | Capital Work in Progress | RP-40 | 6309659 |
| 420000000 | Investments | RP-41 | 0 |
| 431000000 | Sundry Debtors (Receivables) | RP-43 | 10785753 |
| 460000000 | Loans, Advances and Deposits | RP-47 | 1242998 |
| | Closing Balance | | |

| | | | |
|---|---|---|---|
| | Bank<br>Cash | RP-40(b)<br>RP-40(b) | 5183698.28<br>62493 |
| Grand Total | | | 65332511.28 |

## അനുബന്ധം-2-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

INCOME AND EXPENDITURE STATEMENT OF ERANHOLI GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4816365 |
| 140000000 | Fees & User Charges | I-4(b) | 657134 |
| 150000000 | Sale & Hire Charges | I-5(b) | 109936 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 82669078 |
| 171000000 | Interest Earned | I-8 | 166273 |
| 180000000 | Other Income | I-9 | 64816 |
| A | Total Income | | 88483602 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8781517 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 698066 |
| 230000000 | Operations & Maintenance | I-12(b) | 1608969 |
| 240000000 | Interest & Finance Charges | I-13 | 22441 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 4729395 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 13474 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4332315 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 2200260 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 46853800 |
| 255000000 | Maintance Projects | I-14(e) | 7355089 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 887115 |
| 272000000 | Depreciation | I-17(a) | 7833444 |
| B | Total Expenditure | | 98776522 |
| C=A-B | Gross Surplus / Defict Income over Expenditure | | -10292920 |
| D= 280000000 | Prior Period Item | I-18 | 923293 |

| | | | |
|---|---|---|---|
| E=C-D<br>290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -11216213 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

### ബാലൻസ് ഷീറ്റ്

BALANCE SHEET OF ERANHOLI GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 5964629.19 |
| 311000000 | Earmarked Funds | B-2 | 40318 |
| 312000000 | Reserves | B-3 | 37026761 |
| | Total Reserve & Surplus | | 43031708.19 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2283952.09 |

| | | | |
|---|---|---|---|
| | Total Grants,Contribution for specific purposes | | 2283952.09 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 859305 |
| 341000000 | Deposit Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1534982 |
| | Total Current Liabilities and Provisions | | 2394287 |
| | TOTAL LIABILITIES | | 47709947.28 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 42723102 |
| 411000000 | Accumulated Depreciation | B-11 | -11735842 |
| 412000000 | Capital Work In Progress | B-11(a) | 0 |
| | Total Fixed Assets | | 30987260 |
| | Investments | | |
| 420000000 | Investments | B-12 | 0 |
| | Total Investments | | 0 |
| | Current Assets,Loans and Advances | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 10830794 |
| 450000000 | Cash and Bank balance | B-17 | 5246191.28 |
| 460000000 | Loans, Advances and Deposits | B-18 | 645702 |
| | Total Current Assets,Loans and Advances | | 16722687.28 |
| | TOTAL ASSETS | | 47709947.28 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.